"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2021-22 - സർക്കാർ അനുമതി കൂടാതെ കാസർഗോഡ് ജില്ലയിൽ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകിയ ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1494/2025/RD തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. 22.09.2021 തീയതിയിലെ സ.ഉ.(സാധാ) നം.3193/2021/റവ നമ്പർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.11.2021 തീയതിയിലെ എൽആർ/352/2021-എൽആർ(എം5) നമ്പർ കത്ത്.
3. 25.11.2021 തീയതിയിലെ സ.ഉ.(സാധാ) നം.4152/2021/റവ നമ്പർ ഉത്തരവ്.
4. 01.01.2022 തീയതിയിലെ സ.ഉ.(സാധാ) നം.29/2022/റവ നമ്പർ സർക്കാർ ഉത്തരവ്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.03.2024 തീയതിയിലെ എൽആർ/352/2021-എൽആർ(എം5) നമ്പർ കത്ത്.
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 18.12.2024 തീയതിയിലെ എൽആർ/352/2021-എൽആർ(എം5)- (1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഭീമനടി, ബേഡഡുക്ക, അമ്പലത്തറ എന്നീ വില്ലേജുകളെ അറ്റകുറ്റപ്പണികൾക്കായും ചിമേനി വില്ലേജിനെ ചുറ്റമതിൽ നിർമ്മാണത്തിനായും പരാമർശം 1 പ്രകാരം തിരഞ്ഞെടുത്ത് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത വില്ലേജുകളിൽ നിർമ്മാണം ആവശ്യമില്ലെന്നും പ്രവൃത്തി മാറ്റി അനുവദിക്കണമെന്ന ജില്ലാ കളക്ടറുടെ അപേക്ഷയെ തുടർന്ന് പ്രസ്തുത വിഷയം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും തുടർന്ന് പരാമർശം 3 & 4 ഉത്തരവ് പ്രകാരം 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ അറ്റകുറ്റപ്പണി വിഭാഗത്തിൽ ഉൾപ്പെട്ട ഭീമനടി, ബേഡഡുക്ക, അമ്പലത്തറ വില്ലേജുകളെയും ചുറ്റമതിൽ നിർമ്മാണ വിഭാഗത്തിൽ ഉൾപ്പെട്ട ചിമേനി വില്ലേജിനെയും ഒഴിവാക്കികൊണ്ട് ഉത്തരവാകുകയുണ്ടായി. എന്നാൽ ഒഴിവാക്കിയ വില്ലേജുകൾക്ക് പകരം വില്ലേജുകളെ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുവാൻ പരാമർശം 2-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി. ഒഴിവാക്കിയ വില്ലേജുകൾക്ക് പകരം വില്ലേജുകളെ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടില്ല എന്നും ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് പ്രവൃത്തി മാറ്റി നിർവ്വഹിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർ വാക്കാൽ

അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ പരാമർശം 2 ലെ കത്ത് പ്രകാരം സമർപ്പിച്ച അപേക്ഷയിലൂടെ ആവശ്യപ്പെട്ടതിൽ പ്രകാരം അറ്റകുറ്റപണിയ്ക്കായി കാസർഗോഡ് ജില്ലയിലെ ഭീമനടി, ബേഡഡുക്ക, അമ്പലത്തറ എന്നീ വില്ലേജ് ഓഫീസുകൾക്ക് നൽകിയ ഭരണാനുമതി യഥാക്രമം ചീമേനി, കൊളത്തൂർ, പള്ളിക്കര എന്നീ വില്ലേജ് ഓഫീസുകൾക്കും ചുറ്റമതിൽ നിർമ്മാണത്തിനായി ചീമേനി വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി എൺമകജെ വില്ലേജ് ഓഫീസിനും മാറ്റി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രവൃത്തി മാറ്റി നിർവ്വഹിച്ചതിന് സാധൂകരണം നൽകണമെന്നും പരാമർശം 5-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്ന് വാക്കാൽ നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് പണി പൂർത്തിയാക്കിയതെന്നു ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നിലവിൽ ടി പ്രവൃത്തികൾ പൂർത്തികരിക്കുകയും ഫൈനൽ ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും കരാറുകാർക്ക് പേയ്മെന്റ് ലഭ്യമാകാത്തതിനെ തുടർന്ന് നിയമ നടപടികളിലേക്ക് പോകാൻ സാധ്യത ഉള്ളതിനാൽ ടി പ്രവൃത്തിക്ക് സാധൂകരണം നൽകി ഉത്തരവ് ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 സാമ്പത്തിക വർഷം സർക്കാർ അനുമതി കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനി, കൊളത്തൂർ, പള്ളിക്കര വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണിയും എൺമകജെ വില്ലേജ് ഓഫീസിൽ ചുറ്റമതിൽ നിർമ്മാണവും നടത്താൻ അനുമതി നൽകുകയും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമായ സാഹചര്യത്തിൽ, ടി പ്രവൃത്തികൾക്ക് അനുമതി നൽകിയ കാസർഗോഡ് ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കാസർഗോഡ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 24-06-2025 11:25:02

സെക്ഷൻ ഓഫീസർ